# എഫെസ്യർക്ക് എഴുതിയ ലേഖനം

[1] ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ

**പൌലൊസ്**

⇩ ക്രിസ്തുയേശുവിൽ വിശ്വസ്തരായ

എഫെസൊസിലുള്ള

**വിശുദ്ധന്മാർക്കു എഴുതുന്നത്,**

⇩ [2] നമ്മുടെ പിതാവായ ദൈവത്തിൽനിന്നും

കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും

**നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ..**

[3] **നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ!**

കാരണം,

സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹങ്ങളാലും

☼ **അവൻ നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു.**

[4] നാം തന്റെ സന്നിധയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്,

ലോകസ്ഥാപനത്തിന്നു മുമ്പെ

☼ **അവൻ നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്ത**തിൻ പ്രകാരം തന്നെ.

[5] തന്റെ കരുണയുള്ള ഹിതപ്രകാരം,

യേശുക്രിസ്തുവിലൂടെ,

തന്റെ പുത്രന്മാരായി ദത്തെടുക്കുവാൻ

☼ **അവൻ നമ്മെ സ്നേഹത്തോടെ മുൻനിയമിച്ചിരിക്കുന്നു.** -

? [6] പ്രിയനിലൂടെ

സൌജന്യമായി

നമ്മുടെ മേൽ അവൻ ചൊരിഞ്ഞ

തന്റെ കൃപയുടെ മാഹാത്മ്യം പ്രകീർത്തിക്കപ്പെടേണ്ടതിന്നായി തന്നെ. ◇

[8] നമ്മുടെ മേൽ അവൻ ധാരാളമായി ചൊരിഞ്ഞ

[7] തന്റെ കൃപയുടെ സമൃദ്ധിക്കൊത്തവണ്ണം

അവനിൽ

തന്റെ രക്തത്തിലൂടെ

നമ്മുക്ക് **വീണ്ടെടുപ്പും**

നമ്മുടെ അതിക്രമങ്ങൾക്ക് **ക്ഷമയും** ഉണ്ട്.

[9] സകല ജ്ഞാനത്തോടും വിവേകത്തോടും

☼ **രഹസ്യമായിരുന്ന തന്റെ ഹിതം അവൻ ഞങ്ങൾക്കു വെളിപ്പെടുത്തി തന്നു.**

അത് അന്തരംഗത്തിൽ താൻ കരുണയോടെ നിശ്ചയച്ചുറപ്പിച്ച ഉദ്ദേശ്ശമായിരുന്നു -

[10] അതായത്,

കാലത്തികവിന്നു യോജിച്ച ഭരണസംവിധാനം ലാക്കാക്കി,

സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകലവും ക്രിസ് തുവിൻ കീഴിൽ സംയോജിപ്പിക്കുവാൻ പദ്ധതിയിട്ടു .

[11] തന്റെ സ്വന്ത ഹിത പ്രകാരം തന്നെ സകലവും ചെയ്യുന്ന

**ദൈവം,**

⇩ [12] ക്രിസ്തുവിൽ ആദ്യം പ്രത്യാശ അർപ്പിച്ച നമ്മിലൂടെ

തന്റെ മഹിമ പ്രകീർത്തിക്കപ്പെടേണം എന്ന ◇

തന്റെ ഉദ്ദേശ്ശം അനുസരിച്ച് ,

**നമ്മെ മുൻ നിയമിച്ചതുകൊണ്ട്,**

The 'Apollos' Program © Philip P Eapen 2010

☼ **നാം ക്രിസ്തുവിൽ ഒരു ഓഹരി പ്രാപിച്ചിരിക്കുന്നു.**

[13] മാത്രമല്ല,

**നിങ്ങളും**

⇩

സത്യ സന്ദേശം (നിങ്ങളുടെ രക്ഷയുടെ സുവിശേഷം) ശ്രവിച്ചിട്ട്,

അത് വിശ്വസിച്ചശേഷം,

☼ **നിങ്ങൾ ക്രിസ്തുവിൽ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രകുത്തപ്പെട്ടു .** ◇

[14] ദൈവം തന്റെ മഹത്വത്തിന്റെ പുകഴ്ചക്കായി

തനിക്കു സ്വന്തമായവരെ വീണ്ടെടുക്കും വരെ

**നമ്മുടെ അവകാശത്തിന്റെ അച്ചാരമായി** നൽകപ്പെട്ടിരിക്കുന്നവനാണ് ഈ ആത്മാവ്.

[15] ഈ കാരണത്താൽ ,

കർത്താവായ യേശുവിലുള്ള നിങ്ങളുടെ വിശ്വാസത്തെക്കുറിച്ചും,

എല്ലാ വിശുദ്ധന്മാരോടുമുള്ള നിങ്ങളുടെ സ്നേഹത്തെക്കുറിച്ചും കേട്ടിട്ട്

⇩

**ഞാനും**

[17] നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും

മഹിമയുള്ള പിതാവും ആയവൻ

**തന്നെക്കുറിച്ചുള്ള അറിവിൽ**

**ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ നിങ്ങൾക്കു നൽകട്ടെ** [16] എന്ന്

നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ

⇩

**നിങ്ങൾക്കായി ഇടവിടാതെ സ്തോത്രം ചെയ്യുന്നു.**

[18-21] **നിങ്ങളുടെ ഉൾക്കണ്ണുകൾക്കു കാഴ്ച ലഭിച്ചിട്ട്**

**നിങ്ങൾ**

⇩

ഏത് **പ്രത്യാശ**യിലേക്കു അവൻ നിങ്ങളെ വിളിച്ചിരിക്കുന്നു എന്നും,

വിശുദ്ധർക്കുള്ള അവന്റെ **ഓഹരി**യുടെ മഹത്വത്തിന്റെ സമൃദ്ധി എന്തെന്നും

വിശ്വസിക്കുന്ന നമ്മൾക്കായി വ്യാപരിക്കുന്ന അവന്റെ **ശക്തി**യുടെ അളവറ്റ വലിപ്പവും

**അറിയേണ്ടതിന്ന്**

**ഞാൻ പ്രാർത്ഥിക്കുന്നു .**

⇩

**അവൻ** ക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർപ്പിച്ച്

സ്വർഗ്ഗസ്ഥലങ്ങളിൽ തന്റെ വലഭാഗത്ത്

ഈ യുഗത്തിലും വരുവാനുള്ളതിലും ഉള്ള

എല്ലാ ഭരണത്തിനും

എല്ലാ അധികാരത്തിനും

എല്ലാ ശക്തിക്കും

എല്ലാ ആധിപത്യത്തിനും

വിളിക്കപ്പെടാവുന്ന എല്ലാ നാമങ്ങൾക്കും

അത്യന്തം മുകളിലായി

**അവനെ വാഴിച്ചപ്പോൾ**

**തന്റെ മഹാശക്തിയുടെ വലിപ്പം ദൈവം ക്രിസ്തുവിൽ വെളിപ്പെടുത്തി.**

[22] **ദൈവം**

⇩ സകലത്തേയും ക്രിസ്തുവിന്റെ കാൽകീഴാക്കിയിട്ട്,

**അവനെ സഭയ്ക്കു**

⇩ സകലത്തിന്റെയും ശിരസ്സാകുവാൻ

**കൊടുത്തു.**

[23] സഭ അവന്റെ ശരീരമാണ്. എല്ലാറ്റിലും എല്ലാ രീതിയിലും നിറഞ്ഞുനിൽക്കുന്നവന്റെ പൂർണ്ണത ആ ശരീരത്തിലുണ്ട്.

The 'Apollos' Program © Philip P Eapen 2010